LIBRARY ARCHIVES Kerala Legislative Assembly

കോടിമത പാതയുടെ സ്ഥലമെടുപ്പ് പ്രവൃത്തികൾ

281 (1325) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല എക്സറേ-ബൈപ്പാസിൽനിന്നും ആരംഭിച്ച് കിഴക്കോട്ട പോകുന്ന കോടിമത പാതയുടെ സ്ഥലമെടുപ്പ് പ്രവൃത്തികൾ ഏത് ഘട്ടം വരെയായി ; ഈ പാതയുടെ പ്രഖ്യാപനത്തോടെ ഇതിനുവേണ്ടി സ്ഥലം ഏറ്റെടുക്കേണ്ട മേഖലയിലെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) കോടിമത പാതയുടെ നിർമ്മാണം സംബന്ധിച്ച നടപടികൾ എത്രത്തോളം മുന്നോട്ടുപോയി എന്ന് വ്യക്തമാക്കുമോ ; ഇതിനായി ഏറ്റെടുക്കപ്പെടേണ്ട ഭൂമിയിൽ നിർമ്മാണ പ്രവൃത്തികൾ നടത്താനോ ചികിത്സാവശ്യങ്ങൾക്കുപോലും ഭൂമിയുടെ ഈടിൽ വായ്പ നേടുന്നതിനോ വിൽക്കുന്നതിനോ പോലും നടക്കാത്ത സാഹചര്യമുണ്ടെന്ന് മനസ്സിലാക്കി റോഡ് നിർമ്മാണം എത്രയും വേഗം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ചേർത്തല-കുമരകം-കോടിമത പാതയുടെ വിശദമായ രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നതേയുള്ളൂ. ഇക്കാര്യത്തിൽ താമസംവിനാ തീരുമാനമെടുക്കുന്നതാണ്.

അനധികൃത സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം

282 (1326) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയായിരുന്ന ശ്രീ. ടി. ഒ. സൂരജ് നടത്തിയതായി പറയുന്ന അഴിമതിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ ;

(ബി) അനധികൃത സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ ;

(സി) അന്വേഷണത്തിൽ അനധികൃത സ്വത്ത് സമ്പാദനം നടത്തിയതായി തെളിവു ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര കോടിയുടെ അനധികൃത സ്വത്ത് സമ്പാദനം നടത്തിയതായാണ് തെളിവ് ലഭിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ?